# BETHEL MAR THOMA CHURCH, SYDNEY

# CHURCH CONSECRATION SERVICE ORDER

**Saturday 9th March 2024**
**1650 The Horsley Drive**
**Horsley Park NSW 2175**





# Church Consecration Service Order

**1. Hymn (Song of procession)**

സേനയിൻ യഹോവയേ! നീ
വാനസേനയോടെഴുന്ന-
ള്ളേണമേ ശാലേമിതിൽ

സീനയെന്ന മാമലയിൽ
വാനസേനയോടെഴുന്ന- സേന

ഹീനരാമീ-മാനവരിൽ
മാനസം കനിഞ്ഞഹോ
മാനുവേലനെ തന്നോരു
പ്രാണനായകാ! ഇന്നേരം- സേന

ശലോമോൻ പണിഞ്ഞതാം ദേ-
വാലയത്തിലന്നനു-
കൂലമോടെഴുന്ന യിസ്രാ-
യേലിൻ ദൈവമേ! ഇന്നേരം- സേന

നാലു ജീവികളോടാറു-
നാലു മൂപ്പന്മാർ മദ്ധ്യേ
മാമഹത്ത്വമോടഹോ സിം-
ഹാസനസ്ഥനായിവാഴും- സേന

യെശയാ പ്രവാചകൻ ക-
ണ്ടാലയത്തിലുള്ളതായ
മെച്ചമോടുയർന്നതാം സിം-
ഹാസനസ്ഥനേയിന്നേരം- സേന

ആറു ചിറകുള്ള സ്രാഫ-
ദൂതസംഘമാകവെയ-
ങ്ങാർത്തു പാട്ടുചൊല്ലി സർവ്വ
നാളിലും സ്തുതിക്കുന്നോരു- സേന

നേരായ് നിന്നാത്മാവുരച്ച
കൂറുള്ളോരു ചൊൽകളാൽ നിൻ
ആലയം ചേർന്നെങ്ങൾ പാട്ടു
പാടും കേട്ടനുഗ്രഹിപ്പാൻ- സേന

2. **The Trustee reads out trust deed before the Metropolitan and Episcopa in the presence of Congregation at the main entrance door.**

3. **Psalm 24 - Responsive Reading**

**Leader:** *The earth is the LORD's, and everything in it,*
*the world, and all who live in it;*
**Congregation:** *for he founded it on the seas*
*and established it on the waters.*
**L:** *Who may ascend the mountain of the LORD?*
*Who may stand in his holy place?*
**C:** *The one who has clean hands and a pure heart,*
*who does not trust in an idol*
*or swear by a false god.*
**L:** *They will receive blessing from the LORD*
*and vindication from God their Savior.*
**C:** *Such is the generation of those who seek him,*
*who seek your face, God of Jacob.*
**L:** *Lift up your heads, you gates;*
*be lifted up, you ancient doors,*
*that the King of glory may come in.*
**C:** *Who is this King of glory?*
*The LORD strong and mighty,*
*the LORD mighty in battle.*
**L:** *Lift up your heads, you gates;*
*lift them up, you ancient doors,*
*that the King of glory may come in.*
**All together:** *Who is he, this King of glory?*
*The LORD Almighty—*
*he is the King of glory.*

4. **Metropolitan, Episcopa and Congregation enter the church as the Metropolitan opens the church door.**

### 5. Metropolitan leads Litany chants

കർത്താവേ നിൻ ബസ്ഗാസായിൻ വാതിലിൽ മുട്ടി-
അനുഗ്രഹമിരക്കുന്നേൻ
വഴിതെറ്റി അകലെ പോയോരു പാപി ഞാനയ്യോ-
അനുതപിച്ചവയെ വിട്ടു ഞാൻ നിൻ കൃപയാൽ
ജീവിപ്പാനരുൾക

ദയവാനേ തവ വാതിൽ വിട്ടിട്ടെവിടെപ്പോയി-
മുട്ടീടുന്നെങ്ങൾ
മന്നിലെ നൃപരാൽ വന്ദിതാ ബഹുമാനിതനാം മന്നാ!-
നിൻ കൃപ നിന്നോടു പ്രാർത്ഥിക്കാഞ്ഞാലെങ്ങൾക്കായ്
മറ്റാരിരന്നീടും.

***

വെളിവുനിറഞ്ഞ രക്ഷകനെ നിൻ വെ-ളിച്ചംകൊണ്ടു-
ഇരുൾവാസികളാം ഞങ്ങളിന്നു വെളിച്ചം-കാണുന്നു-
സ്വർഗ്ഗസ്ഥപിതാ-വിൻ ക-തിരേ-
ശോഭിപ്പിക്ക ഞങ്ങളെ-ഇ-ന്ന്.

ശോഭനിറഞ്ഞോ-രാലയത്തിൽ വസിക്കും പരിശുദ്ധാ
നിൻദാസരാം ഞങ്ങളുടെ ദുശ്ചിന്ത-ദുർമ്മോഹം-
ശമനം ചെയ്‌വതിനി-ന്നയ്യോ-
വിളിക്കുന്നു നിൻ നാമത്തെ.

# CONSECRATION LITURGY

## First Part
## (All Standing)

### 6. Kauma

**മെത്രാപ്പോലീത്താ:**
പിതാവിനും പുത്രനും പരിശുദ്ധറൂഹായ്ക്കും സ്തുതി.
**ജനം:** ആദിമുതൽ എന്നെന്നേക്കുംതന്നെ-ആമേൻ
**മെത്രാ:** ആകാശവും ഭൂമിയും തന്റെ മഹത്വം കൊണ്ട് നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവംതമ്പുരാൻ പരിശുദ്ധൻ-പരിശുദ്ധൻ-പരിശുദ്ധൻ- ഉന്നതങ്ങളിൽ സ്തുതി.
**ജ:** കർത്താവിന്റെ തിരുനാമത്തിൽ വന്നവനും വരുവാനിരിക്കുന്നവനും വാഴ്ത്തപ്പെട്ടവനാകുന്നു- ഉന്നതങ്ങളിൽ സ്തുതി.

**മെത്രാ:** *ദൈവമേ, നീ പരിശുദ്ധനാകുന്നു.
**ജ:** ബലവാനേ, നീ പരിശുദ്ധനാകുന്നു.
**മെത്രാ:** മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു.
**ജ:** ഞങ്ങൾക്കുവേണ്ടി ✠ ക്രൂശിക്കപ്പെട്ട മ്ശിഹാ തമ്പുരാനേ, ഞങ്ങളോടു കരുണ ചെയ്യണമേ.

**മെത്രാ:** ഞങ്ങളുടെ കർത്താവേ; ഞങ്ങളോടു കരുണ ചെയ്യണമേ.
**ജ:** ഞങ്ങളുടെ കർത്താവേ, കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യണമേ.
**മെത്രാ:** ഞങ്ങളുടെ കർത്താവേ, ഞങ്ങളുടെ നമസ്കാരവും ശുശ്രൂഷയും കൈക്കൊണ്ടു ഞങ്ങളോടു കരുണ ചെയ്യണമേ.
**ജ:** ദൈവമേ, നിനക്കു സ്തുതി.
**മെത്രാ:** സ്രഷ്ടാവേ, നിനക്കു സ്തുതി.
**ജ:** പാപികളായ അടിയാരോടു കൃപ ചെയ്യുന്ന മ്ശിഹാ രാജാവേ, നിനക്കു സ്തുതി- ബാറെക്മാർ.

*ഇപ്രകാരം മൂന്നു പ്രാവശ്യം ചൊല്ലണം

## കർത്താവിന്റെ പ്രാർത്ഥന

**മെത്രാപ്പോലീത്താ:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ-
**ജനം:** നിന്റെ നാമം പരിശുദ്ധമാക്കപ്പെടണമേ- നിന്റെ രാജ്യം വരണമേ- നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമേ- ഞങ്ങൾക്കു ആവശ്യമുള്ള ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ- ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ- ഞങ്ങളുടെ കടങ്ങളും ദോഷങ്ങളും ഞങ്ങളോടും ക്ഷമിക്കണമേ- ഞങ്ങളെ പരീക്ഷയിലേക്കു പ്രവേശിപ്പിക്കാതെ- ഞങ്ങളെ ദുഷ്ടനിൽനിന്നു രക്ഷിച്ചുകൊള്ളണമേ- എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേക്കും നിനക്കുള്ളതാകുന്നു - ആമേൻ.

### 7. Opening Prayer

### 8. Psalm 84 - Responsive Reading

**L:** *How lovely is your dwelling place,*
*LORD Almighty!*
**C:** *My soul yearns, even faints,*
*for the courts of the LORD;*
*my heart and my flesh cry out*
*for the living God.*
**L:** *Even the sparrow has found a home,*
*and the swallow a nest for herself,*
*where she may have her young—*
*a place near your altar,*
*LORD Almighty, my King and my God.*
**C:** *Blessed are those who dwell in your house;*
*they are ever praising you.*
**L:** *Blessed are those whose strength is in you,*
*whose hearts are set on pilgrimage.*
**C:** *As they pass through the Valley of Baka,*
*they make it a place of springs;*
*the autumn rains also cover it with pools.*
**L:** *They go from strength to strength,*
*till each appears before God in Zion.*
**C:** *Hear my prayer, LORD God Almighty;*
*listen to me, God of Jacob.*

**L:** *Look on our shield, O God;*
*look with favor on your anointed one.*
***C:*** *Better is one day in your courts*
*than a thousand elsewhere;*
*I would rather be a doorkeeper in the house of my God*
*than dwell in the tents of the wicked.*
**L:** *For the LORD God is a sun and shield;*
*the LORD bestows favor and honor;*
*no good thing does he withhold*
*from those whose walk is blameless.*
**All together:** *LORD Almighty,*
*blessed is the one who trusts in you.*

**9. Promeon and Sedra**

**10. Kukaya**

**11. A Prayer**

**12. First Lesson: 1 Kings 8 : 22 - 30**

**Second Lesson: Hebrews 8**

**13. Evengelion: Matthew 16 : 13 - 20**

**14. Nicene creed**

**പ: പിതാവായ, സർവ്വശക്തനായ...**
**ജ:** ആകാശത്തിന്റെയും ഭൂമിയുടെയും - കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ - സകലത്തിന്റെയും സ്രഷ്ടാവുമായ - സത്യൈക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.

**ദൈവത്തിന്റെ ഏകപുത്രനും -**
സർവ്വലോകങ്ങൾക്കും മുൻപെ പിതാവിൽനിന്നു ജനിച്ചവനും, പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും - ജനിച്ചവനും സൃഷ്ടിയല്ലാത്തവനും - തത്വത്തിൽ പിതാവിനോട്

ഏകത്വമുള്ളവനും - സകല സൃഷ്ടിക്കും മുഖാന്തരമായവനും - മനുഷ്യരായ ഞങ്ങൾക്കും ഞങ്ങളുടെ രക്ഷയ്ക്കുംവേണ്ടി - സ്വർഗത്തിൽനിന്നും ഇറങ്ങി - വിശുദ്ധറൂഹായാൽ കന്യകമറിയാമിൽനിന്നും ജഡം ധരിച്ച് മനുഷ്യനായി - പൊന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ - ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ട് - കഷ്ടതയനുഭവിച്ച് മരിച്ച് അടക്കപ്പെട്ട് - തിരുഹിതപ്രകാരം മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് - സ്വർഗ്ഗത്തിലേക്കു കരേറി - തന്റെ പിതാവിന്റെ വലത്തു ഭാഗത്തിരിക്കുന്നവനും - അവസാനമില്ലാത്ത രാജത്വമുള്ളവനും - ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും വിധിപ്പാൻ - തന്റെ മഹാപ്രഭാവത്തോടെ ഇനിയും വരുവാനിരിക്കുന്നവനുമായ - യേശുമ്ശിഹാ ആയ ഏക കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.

**സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും -**
പിതാവിൽനിന്നു പുറപ്പെട്ട് - പിതാവിനോടും പുത്രനോടുംകൂടെ വന്ദിക്കപ്പെട്ട് - സ്തുതിക്കപ്പെടുന്നവനും - നിബ്യന്മാരും ശ്ലീഹന്മാരും മുഖാന്തരം സംസാരിച്ചവനുമായ - ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും - കാതോലികവും അപ്പൊസ്തലികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

**പാപമോചനത്തിനുള്ള മാമ്മോദീസാ -**
ഒന്നു മാത്രമെന്നു ഞങ്ങൾ ഏറ്റുപറഞ്ഞ് - മരിച്ചവരുടെ ഉയിർത്തെഴുന്നേല്പിനും - വരുവാനിരിക്കുന്ന ലോകത്തിലെ പുതിയ ജീവനും - ഞങ്ങൾ നോക്കിപ്പാർക്കയും ചെയ്യുന്നു - ആമേൻ.

**ശു:** ബാറെക്മാർ സ്തൌമൻകാലോ-സ്

**ജ:** കുറിയേലാ-യിസ്സോൻ.

***All may be seated***

**15. Offertory**

1. എല്ലാരും യേശുനാമത്തെ
എന്നേക്കും വാഴ്ത്തീടിൻ!
മന്നനായ് വാഴിപ്പിൻ, ദൂതർ
നാം വാഴ്ത്തീൻ, വാഴ്ത്തീൻ,
വാഴ്ത്തീൻ, വാഴ്ത്തീൻ, യേശുവേ!

2. യാഗപീഠത്തിൻ കീഴുള്ള-
തൻ രക്തസാക്ഷികൾ
പുകഴ്ത്തീശായിൻ മുളയെ
നാം വാഴ്ത്തീൻ...

3. വീണ്ടെടുത്ത യിസ്രായേലിൻ
ശേഷിച്ചോർ ജനമേ!
വാഴ്ത്തീടിൻ രക്ഷിതാവിനെ
നാം വാഴ്ത്തീൻ...

4. സ്വർഗ്ഗസൈന്യത്തോടൊന്നായ് നാം
സാഷ്ടാംഗം വീണിടാം!
നിത്യഗീതത്തിൽ യോജിച്ചു
നാം വാഴ്ത്തീൻ...

5. All hail the power of Jesus' Name!
Let angels prostrate fall;
Bring forth the royal diadem,
And crown Him Lord of all.

***

**Second Part**
**(All Standing)**

**16. A Prayer**

**17. Psalm 23 - Responsive Reading**

**L:** *The LORD is my shepherd, I lack nothing.*
**C:** *He makes me lie down in green pastures,*
*he leads me beside quiet waters,*
**L:** *he refreshes my soul.*
*He guides me along the right paths*
*for his name's sake.*
**C:** *Even though I walk*
*through the darkest valley,*
*I will fear no evil,*
*for you are with me;*
*your rod and your staff,*
*they comfort me.*
**L:** *You prepare a table before me*
*in the presence of my enemies.*
*You anoint my head with oil;*
*my cup overflows.*
**All together:** *Surely your goodness and love will follow me*
*all the days of my life,*
*and I will dwell in the house of the LORD forever.*

**18. A Prayer**

**19. Psalm 15 - Responsive Reading**

**L:** *LORD, who may dwell in your sacred tent?*
*Who may live on your holy mountain?*

**C:** *The one whose walk is blameless,*
*who does what is righteous,*
*who speaks the truth from their heart;*

**L:** *whose tongue utters no slander,*
*who does no wrong to a neighbor,*
*and casts no slur on others;*

**C:** *who despises a vile person*
*but honors those who fear the LORD;*
*who keeps an oath even when it hurts,*
*and does not change their mind;*

**All together:** *who lends money to the poor without interest;*
*who does not accept a bribe against the innocent.*
*Whoever does these things*
*will never be shaken.*

**20. A Litany – Kuriyelayisson**

**21. A Prayer**

**22. Metropolitan blesses the Madbaha, Thronos, Haikkala, Lection, Service table, Church walls, and Baptismal font with Holy Mooron.**

**23. Recession Song**

നന്ദികൊണ്ടെന്റെ ഉള്ളം നന്നേ നിറയുന്നേ
സന്തോഷമോടെ സ്തുതി പാടിടുന്നേൻ – ദേവാ - സ

എന്നെ അൻപോടു ദിനം തോറും നടത്തുന്ന
പൊന്നിടയനനന്തം വന്ദനമേ – എന്റെ - പൊ

എന്നോടുള്ള നിൻ സർവ്വ നന്മകൾക്കായി ഞാൻ
എന്തു ചെയ്യേണ്ടു നിനക്കേശുപരാ! – ഇപ്പോൾ - എ

## 24. Litany of Invocation of the Holy Spirit

1. പരിശുദ്ധനവൻ-തിരുവാസം
സീനായ് മലമേൽ ഉറപ്പിച്ചു
അതിനെ ശുദ്ധി വരുത്തിയപോൽ
ഇവിടെയുമാഗതനാ-യിപ്പോൾ

2. മന്ദിരമിതു നിൻ-സഹവാസാൽ
അധികം ഭംഗിയതാക്കീട്ട്
പരിപാവനമായ് തീർത്തിഹതൻ
കൃപകൾ നിത്യം ചൊരിയട്ടെ

3. സംഭാഷണം പ്ര-വാചകരിൽ
നന്നായ് ചെയ്തോ-രു റൂഹായേ
തന്നുടെ വാസം-ശ്ലീഹരിലും
നന്നായ് ചെയ്തൊരു റൂഹായെ

4. തിരുഹിതമായി-ആലയത്തിൽ,
വന്നു വസിക്കണമതിമോദാൽ
എന്നും പാവനമായ് ഇതിനെ
കാക്കണമെ-കരുണേശ്വരനെ

5. മാളികമേൽ ശ്ലീഹന്മാരിൽ
മരുവിയ റൂഹാ- ഇപ്പോഴീ
വിമലമതാമീ-മന്ദിരത്തിൽ
അമരണമേ, ശുചിയാ-ക്കണമേ.

6. നാനാഭാഷ വിവേചനയാൽ.
ജ്ഞാനം വേണ്ട-തുപോലെന്നും
തന്നുടെ ശ്ലീഹന്മാർക്കെല്ലാം
സദയം നൽകിയ പരിശുദ്ധാ

7. റൂഹാ നിന്നുടെ സഹവാസം
വന്നീടണമി-ന്നിവിടത്തിൽ
ഇന്നിവിടമീ-സമയത്തുടയോനെ
തവകൃപയാൽ ശുചിയാക്കണമെ.

8. വേണ്ടും വിധമാ-ശ്ലീഹന്മാർ-
ക്കനുഗ്രഹമേകി-യ വലങ്കയ്യെ,
നിന്നുടെ മന്ദിരമതിൽ നീട്ടി
ശുദ്ധിയതിന്നരുളീ-ടേണമേ

9. പ്രാവിൻ വടിവിൽ പരിചിനോടെ
തനയൻ തൻ ശിര-സ്സിൽ വാണ,
പരിശുദ്ധാത്മാ-വാവസിച്ചീ
ആലയത്തിൽ ശുചിയാക്കണമെ.

10. ധരണിയിലെങ്ങൾക്കായ് വിമല
സുതനെ അയച്ച-തുകൂടാതെ
ഏറ്റം ശുദ്ധിയെഴുന്നരുളും
റൂഹായാലമലന്മാർക്കും

11. ഏറ്റം ശുദ്ധി വരുത്തീടും
ഉറ്റവനായിടു-മെൻ ദൈവം
ശുദ്ധിവരുത്തും-ദേവേശൻ
വിശുദ്ധപിതാവിനുസ്തു-തിയാമ്മീൻ

## 25. Submission of Incense

## 26. A Prayer

## 27. Hoothama

## 28. Benediction

## Public Meeting - Song 1

1. Christ has for sin atonement made,
What a wonderful Saviour!
We are redeemed! the price is paid!
What a wonderful Saviour!

What a wonderful Saviour is Jesus, my Jesus!
What a wonderful Saviour is Jesus, my Lord!

2. I praise Him for the cleansing blood,
What a wonderful Saviour!
That reconciled my soul to God;
What a wonderful Saviour!

3. He cleansed my heart from all its sin,
What a wonderful Saviour!
And now He reigns and rules therein;
What a wonderful Saviour!

4. He walks beside me in the way,
What a wonderful Saviour!
And keeps me faithful day by day,
What a wonderful Saviour!

1. ക്രിസ്തേശുവിന്റെ നാമമേ അതിചിത്രമാം നാമം
ആകാശത്തിൻ കീഴെങ്ങുമേ അതിചിത്രമാം നാമം

അതിചിത്രമാം നാമം എൻ യേശുവിൻ നാമം
അതിചിത്രമാം നാമം എൻ രക്ഷകന്റെ

2. ഹാ! പാപ വാഴ്ച കഴിഞ്ഞു അതിചിത്രമാം നാമം
പിശാചിൻബന്ധം അഴിഞ്ഞു അതിചിത്രമാം നാമം

3. പരീക്ഷകൻ സമീപിച്ചാൽ അതിചിത്രമാം നാമം
എൻജയം ക്രൂശിൻ രക്തത്താൽ അതിചിത്രമാം നാമം

4. ഹാ യേശുവേ! നിൻ സ്വന്തം ഞാൻ അതിചിത്രമാം നാമം
എന്നേക്കും എന്റെ സ്വന്തം താൻ അതിചിത്രമാം നാമം

## Public Meeting - Song 2

നന്ദി നിറഞ്ഞൊരു ഹൃദയവുമായ്
നാഥൻ നടത്തിയ നാൾവഴികൾ ഓർക്കാം
നാവിൽ നവ ഗാനവുമായ്
നാളെങ്ങും സ്തുതി പാടീടാം

ഉണരുക സഭയേ... ഉണരുക നാം
സുവിശേഷത്തിൻ സാക്ഷികളായ്
ശ്ലീഹൻ മാർത്തോമ്മാ തൻ മാർഗം
മാതൃകായാക്കി മുന്നേറാം

ദേശാന്തരികളിൻ മണ്ണിൽ
പ്രവാസ ജീവിത മരുവിൽ
മൂന്നു പതിറ്റാണ്ടുകളായ് ഞങ്ങൾ
ഊതികൂട്ടിയ കനലുകളെ
ആളിക്കത്തിച്ചൊരാത്മവിനായ്
നാഥനെ വാഴ്ത്തീടാം (ഉണരുക സഭയേ...)

മന്ദിരമൊന്നതു ഞങ്ങൾ
ദേവാലയമായ് ചമച്ചു
നിൻ ജനമിനിയും ഒന്നായ് ചേരും
നിൻ കൂടാരത്തിൻ നടുവിൽ
ആലംബമേകും നിൻ ഭുജങ്ങൾ
ആശ്രയമാകേണമേ (ഉണരുക സഭയേ...)

അണയരുതേ ഈ ദീപം
അമരരുതേ വിശ്വാസം
തണ്ടിൻമേൽ കൊളുത്തിയ ദീപം പോലെ
ഇടവകയായ് നാം ശോഭിക്കാം
മലമേൽ ഉള്ളൊരു പട്ടണമതുപോൽ
വിളങ്ങി നിന്നീടാം (ഉണരുക സഭയേ...)



*Most Rev. Dr. Theodosius*
*Mar Thoma Metropolitan*



*Rt. Rev. Dr. Gregorios*
*Mar Stephanos Episcopa*